ശ്രീ. വി. വിശ്വനാഥ മേനോൻ: വാളയാർ ചെക്ക് പോസ്റ്റിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തുകയും അവിടെ റോഡ് വീതി കൂട്ടാനും കൂടുതൽ കൗണ്ടറുകൾ തുടങ്ങാനുമുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ജെ. സക്കറിയ: തേവര ചെക്ക് പോസ്റ്റിലെ ഓഫീസറുടെ മേശവലിപ്പ് തുറന്നുവച്ചിരിക്കുകയാണെന്നും അതിലെ കടന്നു പോകുന്ന എല്ലാ വാഹനങ്ങളും 5 രൂപ അതിൽ നിക്ഷേപിക്കണമെന്നും അത് മാസം കൂടുമ്പോൾ ഒന്നിച്ചെടുത്ത് വീതം വയ്ക്കുകയാണെന്നുമുള്ള ആക്ഷേപം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. വിശ്വനാഥ മേനോൻ: അങ്ങനെയൊരാക്ഷേപം ബഹുമാനപ്പെട്ട മെമ്പർ തരികയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

കാർഷികാദായ നികുതിയുടെ ഘടനയിൽ മാറ്റം വരുത്താൻ നടപടി

*3 [191] ശ്രീ. ഇ. അഹമ്മദ്:
,, നാലകത്ത് സൂപ്പി:
,, സി. ടി. അഹമ്മദ് അലി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, എം. ജെ. സഖറിയ: താഴെ കാണുന്ന ഉപാദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാദായ നികുതിയുടെ ഘടനയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. വി. വിശ്വനാഥ മേനോൻ): (എ, ബി) കാർഷികാദായ നികുതിയുടെ ഘടനയിൽ സമഗ്രമായ മാറ്റം വരുത്തിക്കൊണ്ട് 1991 മാർച്ച് 27-ാം തീയതി നിയമസഭ പാസ്സാക്കിയ കാർഷികാദായ നികുതി നിയമം - 1-4-1991 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇതനുസരിച്ച് മൂന്ന് ഹെക്ടർ വരെ ഭൂമി കൈവശമുള്ള കൃഷിക്കാരെ നികുതി നൽകുന്നതിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്. 20 ഹെക്ടർ വരെ ഭൂമി കൈവശമുള്ള കൃഷിക്കാർക്ക് കുടുംബങ്ങളിന്റെ അടിസ്ഥാനത്തിലോ ആദായത്തിന്റെ അടിസ്ഥാനത്തിലോ നികുതി നൽകാം. ഇതിനു പുറമേ കൃഷിക്കാർക്ക് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പ്രോൽസാഹനം നൽകുന്നതിനും ഉദ്യോഗസ്ഥൻമാരിൽ നിന്നുള്ള പീഡനം ഒഴിവാക്കുന്നതിനും തദ്ദാര സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകരമായ ഒട്ടേറെ വ്യവസ്ഥകളും നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ നിയമം ഈ സഭ പാസ്സാക്കിയെങ്കിലും നടപ്പിൽ വരുത്തുമ്പോൾ പ്രായോഗികമായ ഒട്ടേറെ ബുദ്ധിമുട്ടുകൾ കർഷകർക്ക് ഉണ്ടാകും. അവ പരിഹരിക്കുന്നതിന് ആവശ്യമായ ഭേദഗതികളും ഈ നിയമത്തിൽ വരുത്തുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. വിശ്വനാഥ മേനോൻ: എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടെങ്കിൽ മാറ്റാം.

ശ്രീ. സി. ടി. അഹമ്മദ് അലി: കഴിഞ്ഞ സാമ്പത്തിക വർഷം മാർച്ച് 31 വരെ നിശ്ചയിച്ചിരുന്ന കാർഷികാദായ നികുതിയുടെ ടാർജറ്റ് എത്രയായിരുന്നു; അതിൽ എന്തു തുക പിരിഞ്ഞുകിട്ടി എന്നു വ്യക്തമാക്കുമോ?

ശ്രീ. വി. വിശ്വനാഥ മേനോൻ: ലക്ഷ്യമിട്ടത് 17 കോടി രൂപയായിരുന്നു. എന്നാൽ പിരിച്ചത് 24.98 കോടി ആയിരുന്നു. ഇത് റിക്കാർഡ് കളക്ഷനാണ്.

ശ്രീ. എം. ജെ. സഖറിയ: കാർഷികാദായ നികുതിയുടെ ഘടനയിൽ മാറ്റം വരുത്തിയപ്പോൾ പുതിയതായി ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് നികുതി ചുമത്തി; ഏതെല്ലാം ഉൽപ്പന്നങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കി?

ശ്രീ. വി. വിശ്വനാഥ മേനോൻ: സമയം തരുമെങ്കിൽ വിശദമായ മറുപടി തരാം.

ശ്രീ. എം. ജെ. സഖറിയ: പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, നെല്ല്, മരിച്ചീനി തുടങ്ങിയവയെ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കിയത് എന്ത് കാരണത്താലാണ്.

ശ്രീ. വി. വിശ്വനാഥ മേനോൻ: ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു പ്രോൽസാഹനം എന്ന നിലയ്ക്കാണ് അത് ചെയ്തത്. ഓരോ ഐറ്റത്തെക്കുറിച്ചും പ്രത്യേകമായ പഠനം നടത്തിയ ശേഷമാണ് ഇങ്ങനെ ചെയ്തത്.

ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യശീലം വളർത്താൻ പദ്ധതി

*4 [192] ശ്രീ. ഇ. കെ. മേനോൻ:
,, എസ്. ഗോവിന്ദക്കുറുപ്പ്:
ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ:
ശ്രീ. കെ. പി. മമ്മു മാസ്റ്റർ:
,, എ. കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ജനങ്ങളിൽ സമ്പാദ്യ പദ്ധതിയുടെ സന്ദേശമെത്തിക്കുന്നതിനും ചെറുകിട സമ്പാദ്യങ്ങൾ ജനോപകാരപ്രദമായ രീതിയിൽ ദേശീയ സമ്പാദ്യ പദ്ധതിയിലേക്കാക്കുന്നതിനുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ദേശീയ സമ്പാദ്യപദ്ധതി ഏജൻറുമാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly